# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5173 24.10.2011 - ൽ മറുപടിക്ക്

### ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതി

**ചോദ്യം**

ശ്രീമതി കെ. എസ്. സലീഖ

(എ) നബാർഡ് സ്കീമിൽ 'സ്പാൻ' കുടിവെള്ള പദ്ധതി പ്രകാരം നടപ്പാക്കുന്ന ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) നബാർഡ് സ്പാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ശ്രീകൃഷ്ണപുരം ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. 4 പാക്കേജുകളായിട്ടാണ് ഈ പദ്ധതിയുടെ ജോലികൾ പൂർത്തീകരിക്കുന്നത്.

പദ്ധതിയുടെ ഭാഗങ്ങൾ - പാക്കേജ് -I

1. 11 എം.എൽ.ഡി ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ സമ്പ്, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്ന പ്രവൃത്തിയും, പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും

   ഇപ്പോഴത്തെ അവസ്ഥ

   എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു

2. പാക്കേജ് - II

   റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ വിതരണശൃംഖല എന്നിവ

   ഇപ്പോഴത്തെ അവസ്ഥ

   പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

   പുനർദർഘാസ് സമർപ്പിക്കേണ്ട തീയതി 22.10.2011.

3. പാക്കേജ് - III

   സോൺ I, II മേഖലകൾക്കുള്ള വിതരണ ശൃംഖല

ഇപ്പോഴത്തെ അവസ്ഥ

പൂർത്തീകരിച്ചു

4. പാക്കേജ് - IV

സോൺ III, IV മേഖലകൾക്കുള്ള വിതരണ ശൃംഖല

ഇപ്പോഴത്തെ അവസ്ഥ

പൂർത്തീകരിച്ചു.

പാക്കേജ് II-ന്റെ ദർഘാസ് നടപടികൾ കഴിഞ്ഞ് പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ഈ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

| | |
|---|---|
| (ബി) ഈ പദ്ധതി പൂർത്തീകരിക്കാൻ ഇനി എത്ര നാൾ വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ? | (ബി) പാക്കേജ്-II പൂർത്തീകരിക്കുന്നതോടുകൂടി പ്രസ്തുത പദ്ധതി മാർച്ച് 2013ന് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**